Draft #4 of File ACBI/3/25686/2020 Approved by ASSISTANT REGISTRAR I (ACADEMIC) on 02-Nov-2020 04:59 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സ്വകാര്യ എയ്ഡഡ് ആർട്സ് & സയൻസ് കോളേജ് - അദ്ധ്യാപകരുടെ നിയമനാംഗീകാരം - ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച 18.06.2020 തീയതിയിലെ F3/255/2016/HEdn നമ്പർ കത്ത് - സിൻഡിക്കേറ്റ് തീരുമാനം - അംഗീകരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 1 സെക്ഷൻ**

നമ്പർ. 5108/AC B 1/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 02.11.2020

---

*പരാമർശം:*-1. 01.04.2020 തീയതിയിലെ G O (Ms) No.155/2020/HEDN നമ്പർ സർക്കാർ ഉത്തരവ്

2. 18.06.2020 തീയതിയിലെ ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി യുടെ F3/255/2016/HEdn നമ്പർ കത്ത്

3.11.09.2020 തീയതിയിലെ G.O (Ms)No.313/2020/HEDN നമ്പർ സർക്കാർ ഉത്തരവ്

4. 13.10.2020 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 38/ 20.05/ACB1/3/25686/2020

**ഉത്തരവ്**

സ്വകാര്യ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലെ അദ്ധ്യാപകരുടെ ജോലിഭാരം നിർണ്ണയിക്കുന്നതും നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട് പുതുക്കിയ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി പുറപ്പെടുവിച്ചിരിക്കുന്ന പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിൽ, അദ്ധ്യാപക തസ്തികകളിലുണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് സ്ഥിരനിയമനം നടത്തുന്നതിന് ആഴ്ചയിൽ 16 മണിക്കൂർ ജോലിഭാരം നിർബന്ധമാണെന്നും, സിംഗിൾ ഫാക്കൽറ്റി വിഷയങ്ങൾക്കും ഇത് ബാധകമാണെന്നും, ജോലിഭാരം 1 6 മണിക്കൂറിൽ താഴെയാണ് വരുന്നതെങ്കിൽ അവിടെ ഗസ്റ്റ് അദ്ധ്യാപകരെ മാത്രമേ അനുവദിക്കുകയുള്ളു എന്നും വ്യക്തമാക്കിയിരുന്നു. നിലവിൽ സർവീസിലുള്ള, അംഗീകാരം നൽകിക്കഴിഞ്ഞ അദ്ധ്യാപകരെ 16 മണിക്കൂർ ജോലിഭാരം ഇല്ലെങ്കിലും നീക്കം ചെയ്യില്ല എന്നും, എന്നാൽ 16 മണിക്കൂർ ജോലിഭാരം ഇല്ലാത്ത തസ്തികകളിൽ തുടരുന്ന അദ്ധ്യാപകരുടെ വിരമിക്കൽ/രാജി/വിടുതൽ ചെയ്യുന്നതോടെയോ അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിൽ ഒഴിവുകൾ ഉണ്ടാകുന്നതിലൂടെയോ ഇല്ലാതാകുമെന്നും, പ്രസ്തുത തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് അനുവദിക്കുകയില്ലെന്നും, 09.05.2018 തീയതി മുതൽ ടി ഉത്തരവിന് പ്രാബല്യമുണ്ടായിരിക്കുമെന്നും പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്.

മേൽ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ സ്വകാര്യ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലെ അദ്ധ്യാപക നിയമനങ്ങൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ അംഗീകാരം ലഭിക്കാതെ സർവ്വകലാശാല അംഗീകാരം നൽകരുതെന്ന് പരാമർശം (2) പ്രകാരമുള്ള കത്തിൽ അറിയിച്ചിരുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സ്വകാര്യ എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ ജോലിഭാരം നിർണ്ണയിക്കുന്നതും നിയമനാംഗീകാരം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പരാമർശം (1) ഉത്തരവിലെ നിബന്ധനകൾ 01.06.2020 തീയതി മുതൽക്ക് പ്രാബല്യത്തിൽ വരുത്തി പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം (2) കത്ത് പരിഗണിച്ച 13.10.2020-ൽ കൂടിയ സിൻഡിക്കേറ്റ് യോഗം, പരാമർശം (4) പ്രകാരം താഴെ പറയും പ്രകാരം തീരുമാനം കൈക്കൊണ്ടു.

01.04.2020- ലെ GO (Ms) No.155/2020/HEDN നമ്പർ സർക്കാർ ഉത്തരവിന് 11.09.2020-ലെ GO(Ms) No.313/2020/HEDN ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം IV സെക്ഷൻ 23 (xviii), മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, അദ്ധ്യായം 45, ഭാഗം ബി, സ്റ്റാറ്റ്യൂട്ട് 16(1) പ്രകാരം സ്വകാര്യ എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ അദ്ധ്യാപകരുടെ നിയമനംഗീകാരം സർവ്വകലാശാല സിൻഡിക്കേറ്റിൽ നിക്ഷിപ്തമാണ് . ആയതിനാൽ, ടി വിഷയങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും സ്പഷ്ടീകരണം വരുന്ന മുറയ്ക്ക് ടി കത്ത് സർവ്വകലാശാലയിൽ നടപ്പിലാക്കുന്നത് പരിഗണിയ്ക്കാം എന്നും തീരുമാനിച്ചു.

തദനുസ്സരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

ഭാനു പ്രകാശ് ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)

പകർപ്പ്

1. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ,തിരുവനന്തപുരം
2. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം /എറണാകുളം
3. വൈസ് ചാൻസലർ/ പ്രൊ വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
4.രജിസ്ട്രാർ / പരീക്ഷ കൺട്രോളറുടെ പി എ
5.ഐ ക്യൂ എ സി / കണ്ടന്റ് മാനേജ്മന്റ് സെക്ഷൻ
6.എ സി സി 1 / സി ഡി 1 സെക്ഷൻ /എ സി ബി 2 സെക്ഷൻ
7.റെക്കോർഡ് സെക്ഷൻ
8.കരുതൽ ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #4 of File ACBI/3/25686/2020 Approved by ASSISTANT REGISTRAR I (ACADEMIC) on 02-Nov-2020 04:59 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം